മിസ്റ്റർ കെ. നരസിംഹപൈ.—അധഃകൃതക്കു മറ്റുള്ള സ്കൂളുകളിൽ അഡ്മിഷനില്ലെന്നു പറഞ്ഞിട്ടില്ല. അവിടെയെല്ലാം വരുന്നവക്ക് അഡ്മിഷനും ധാരാളം സൌകര്യവും ചെയ്തുകൊടുത്തിട്ടുണ്ട്. എന്റെ അന്വേഷണത്തിൽ പെട്ടിടത്തോളം സകല സൌകര്യങ്ങളും അവക്കു മറ്റു സ്കൂളുകളിൽ ചെയ്തു കൊടുക്കുന്നുണ്ട്.

മിസ്റ്റർ പി. കുമാരൻ എഴുത്തശ്ശൻ.—ചോദ്യം അതല്ല. ഇവിടെ ചോദിച്ച ഉപചോദ്യത്തിനു ശരിയായ മറുപടി പറയുവാൻ ശവമ്മേൻറിനു ദയവുണ്ടാകുമോ; ആ പ്രസ്ഥാവന ശരിയോ, തെറ്റോ എന്നാണ് മെമ്പറുടെ ചോദ്യം.

മിസ്റ്റർ കെ. നരസിംഹപൈ.—ആ പ്രസ്ഥാവന ഒരു പ്രത്യേക സ്കൂളിനു മാത്രമായിരിക്കയില്ല. കാളനികളോ മറ്റോ വച്ചിട്ട് അതിൽ പ്രത്യേക സ്കൂളുകളുണ്ടാക്കിയിരിക്കാം. അതിനെ പറ്റിയല്ലാതെ മറ്റു സ്കൂളുകളെക്കുറിച്ചുള്ള പ്രസ്ഥാവനയായിരിക്കയില്ല.

## Industrial Education—Depressed Classes.

**108.** മിസ്റ്റർ കെ. പി. വള്ളോൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ശവമ്മേണ്ടിൽനിന്നും മറുപടി പറയുവാൻ ദയവുണ്ടാകുമോ.—

അധഃകൃതർക്ക് വ്യവസായപരമായി എന്തുവിദ്യാഭ്യാസമാണ് ശവമ്മേണ്ടിൽനിന്നും ചെയ്തുവരുന്നത്?

രാമവർമ്മതമ്പുരാൻ.—ഈ രാജ്യത്തെ ഇൻഡസ്ട്രിയൽ സ്കൂളുകളിൽ പഠിപ്പിക്കുന്ന മുണ്ടുനെയ്ത്ത്, പുൽപായനെയ്ത്ത്, കയറുപായനെയ്ത്ത്, ആശാരിപ്പണി മുതലായ എല്ലാ തൊഴിലുകളും അധഃകൃതരേയും പഠിപ്പിക്കുന്നുണ്ട്.

## Schools—Depressed Classes—no feeding.

**109.** മിസ്റ്റർ കെ. പി. വള്ളോൻ.—താഴെ എഴുതുന്നചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ശവമ്മേണ്ടിൽനിന്നും മറുപടി പറയുവാൻ ദയവുണ്ടാകുമോ.—

അധഃകൃതവിദ്യാർത്ഥികൾക്ക് ആഹാരം നൽകുന്നതും അല്ലാത്തതുമായ സ്കൂളുകൾ ഏതെല്ലാം?

രാമവർമ്മതമ്പുരാൻ.—കുറിയാർക്കുട്ടി, പറമ്പിക്കുളം, കണാട്ടുപാടം, വെള്ളിക്കുളങ്ങര ഈ സ്കൂളുകളിൽ ദിവസേന ഭക്ഷണം കൊടുക്കുന്നുണ്ട്. ബാക്കിയുള്ള സ്കൂളുകളിൽ ഓരോ കുട്ടിയ്ക്ക് ആഴ്ചയിൽ ഒരണവീതം കൊടുത്തുവരുന്നുണ്ട്.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ മാതിരി ആഴ്ചയിൽ ഓരോ അണ കൊടുത്തുവരുന്നതു ഗ്രാൻറ് സ്കൂളുകളിലുള്ള കുട്ടികൾക്കും കൊടുത്തുവരുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly